പാഠം 3

# അസ്വസ്ഥതയുടെ വേരുകൾ

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: മത്തായി 10:34–39; ലൂക്കൊസ് 12:13–21; ഫിലി. 2:5–8; ലൂക്കൊസ് 22:14–30; മത്തായി 23:1–13.**

**മനഃപാഠവാക്യം: "ഈർഷ്യയും ശാഠ്യവും ഉള്ളേടത്തു കലക്കവും സകലദുഷ്പ്രവൃത്തിയും ഉണ്ട്" (യാക്കോബ് 3:16).**

ആസ്പെൻവൃക്ഷം (അരശ് മരംപോലെ ചലപത്രമുള്ള ഒരിനം വൃക്ഷം). മനോഹരവും 45 മുതൽ 90 അടിവരെ (15 മുതൽ 30 കിലോമീറ്റർവരെ) ഉയരത്തിൽ വളരുന്നതുമാണ്. തണുത്ത കാലാവസ്ഥയിലും അതിശീതമല്ലാത്ത വേനല്ക്കാലത്തും അവ നന്നായി വളരും. അതിന്റെ തടി ഗൃഹോപകരണങ്ങൾക്കും തീപ്പെട്ടി, പേപ്പർ എന്നീ വ്യവസായങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. ഈ വൃക്ഷങ്ങളുടെ പട്ടികയിൽ വിവിധയിനം പോഷകങ്ങളുള്ളതിനാൽ അതിശൈത്യം വരുമ്പോൾ മാനുകളും മറ്റു മൃഗങ്ങളും ചെറിയ ആസ്പെൻ വൃക്ഷങ്ങളുടെ പട്ട കടിച്ചു കാർന്നുതിന്നാറുണ്ട്. ഈ ഇനം വൃക്ഷങ്ങൾക്കു നല്ല സൂര്യപ്രകാശവും ആവശ്യമാണ്. എല്ലാകാലത്തും അവ വളരും. ശൈത്യകാലത്തും വളരുമെന്നതിനാൽ വിവിധയിനം മൃഗങ്ങൾ ഇതിനെ ആ കാലവ്സഥയിൽ ഭക്ഷണമാക്കാറുണ്ട്.

സസ്യലോകത്തുള്ള വൃക്ഷ ലതാദികളിൽവെച്ച് ഏറ്റവും കൂടുതൽ വേരുള്ളവയാകയാൽ ആസ്പെൻവൃക്ഷങ്ങൾ വളരെ കുപ്രസിദ്ധിയാർജ്ജിച്ചവയാണ്. വളരെ വിസ്തൃതിയിൽ അവരുടെ വേരുകൾ വളർന്നു പടർന്നു വ്യാപിക്കും. ഒരു ആസ്പെൻവൃക്ഷം 150 ൽപ്പരം വർഷം നില്ക്കാറുണ്ട്. പക്ഷേ ഭൂമിക്കടിയിലെ പല വലിയ ജീവികളും ആയിരക്കണക്കിനു വർഷങ്ങൾ ജീവിക്കുന്നവയുമാണ്.

ഈ ആഴ്ചയിലെ പഠനത്തിൽ അസ്വസ്ഥതകൾക്കു കാരണമാകുന്ന ചില വേരുകളെക്കുറിച്ചു നാം പഠിക്കുകയാണ്. യേശുവിങ്കലെ യഥാർത്ഥ സ്വസ്ഥതയെ തടയുന്ന പല സംഗതികളുമുണ്ട്. അവയിൽ ചിലതു വ്യക്തമായവ ആകയാൽ വലിയ ശ്രദ്ധ കൊടുക്കേണ്ടതില്ല. മറ്റു ചിലതു നമുക്കു വ്യക്തമായി കാണപ്പെടുകയില്ല. ഭൂമിക്കടിയിലെ വലിയ ആസ്പെൻ വൃക്ഷവേരുപോലെ നമ്മുടെ രക്ഷകനിൽനിന്നു നമ്മെ അകറ്റിക്കളയുന്ന മനോഭാവങ്ങളും പ്രവൃത്തികളും നമുക്കു പലപ്പോഴും ബുദ്ധിയിൽ കടന്നുവരികയുമില്ലായിരിക്കും.

*ഈ ആഴ്ചയിലെ പാഠം പഠിച്ച് ജൂലൈ 17 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...*

## യേശു പിളർപ്പുകൊണ്ടുവരുന്നു

വളരെ കുറച്ചുപേർ മാത്രമേ മത്സരം ഇഷ്ടപ്പെടുന്നുള്ളൂ. നാം ഐക്യതയ്ക്കും സമാധാനത്തിനുമായി വാഞ്ഛിക്കുന്നു. സമാധാനത്തിനായി നിലകൊള്ളുവാൻ സെമിനാരികളിലെല്ലാം നമ്മൾ പഠിപ്പിക്കുന്നു. സഭകളിലും സ്ഥാപനങ്ങളിലും തർക്കങ്ങളുണ്ടെങ്കിൽ സമാധാനാന്തരീക്ഷത്തിൽ പൊതുതത്വപ്രകാരം നീക്കുപോക്കു വരുത്തുവാൻ നമ്മൾ ശ്രമിക്കുന്നു.

മത്തായി 10:39 വായിക്കുക: സമാധാനമല്ല, വാളത്രേ വരുത്തുവാൻ താൻ വന്നതെന്നു യേശു പറയുന്നതിന്റെ അർത്ഥമെന്താണ്? "സമാധാനപ്രഭു" എന്നുള്ള യേശുവിന്റെ നാമത്തെ സംബന്ധിച്ച് ഇതെന്തുപറയുന്നു? (യെശ. 9:6).

മത്തായി 10:34-39 വരെയുള്ള ഭാഗത്തു യേശു പ്രസ്താവിക്കുന്നത് ആന്തരികജ്ഞാനം വിപരീതമായി തോന്നിയേക്കാം. ശ്രേഷ്ഠരായ അംഗരക്ഷകരോടൊത്ത് രാജാധിരാജാവായി വരുന്നതിനുപകരം ഒരു ബലഹീനശിശുവായി വന്നു വളർച്ച പ്രാപിച്ചു അയല്ക്കാരോടും ശത്രുക്കളോടുപോലും സ്നേഹം പ്രസംഗിച്ചശേഷം ഇപ്പോൾ തന്റെ അനുഗാമികളോടു പറയുന്നതു താൻ ഭിന്നതയും മത്സരവും കൊണ്ടുവരുന്നു എന്നാണ്. അവന്റെ കേൾവിക്കാരും ശിഷ്യരും ഇതുകേട്ട് അതിശയിച്ചുകാണും. ഇതിൽ നാമും അതിശയിക്കുന്നുണ്ട്. ഇതെങ്ങനെയാണ്?

മത്തായി 10:35-39 വരെ പറയുന്നതെല്ലാം ഭക്തി ആദരവും വിശ്വസ്തതയുമെല്ലാമാണ്. മീഖാ 7:6 എടുത്തുപറഞ്ഞുകൊണ്ടു നിത്യതയ്ക്കുവേണ്ടി ഒരുങ്ങുവാൻ യേശു തന്റെ കേൾവിക്കാരെ വെല്ലുവിളിക്കുന്നു. മകൻ മാതാപിതാക്കളെ സ്നേഹിച്ചു ബഹുമാനിക്കേണ്ടതാണ്. പർവ്വതത്തിൽവെച്ചു മോശെയിൽക്കൂടെ കൊടുത്ത നിയമം തന്നെയാണത്. ദൈവത്തിന്റെ പ്രവർത്തനശൈലിയും അതുതന്നെ. പക്ഷേ ആ സ്നേഹബഹുമാനം യേശുവിനോടുള്ള സമർപ്പണത്തെ കവിഞ്ഞുള്ളതാണെങ്കിൽ അവിടെയൊരു പ്രതികൂലതീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ഒരു മാതാവും പിതാവും തങ്ങളുടെ മക്കളെ സ്നേഹിച്ചുപാലിക്കേണ്ടതുതന്നെ. എന്നാൽ ആ സ്നേഹപാലനം മാതാപിതാക്കൾക്കു യേശുവിനോടുള്ള സമർപ്പണത്തിൽ കവിഞ്ഞതാണെങ്കിൽ അവിടെയും ഒരു പ്രതികൂല തീരുമാനം വേണ്ടതുണ്ട്. ഈ ഭാഗത്തു യേശു അർത്ഥമാക്കുന്നത് ഒന്നാമത്തേതിന് ഒന്നാംസ്ഥാനം എന്നാണ്.

ഇതിനു പ്രഥമപരിഗണന കൊടുത്തുകൊണ്ടു മൂന്നു വാക്യങ്ങൾ യേശു പ്രസ്താവിക്കുന്നുണ്ട്. ഓരോ വാക്യത്തിലും 'യോഗ്യത'യെന്ന വാക്ക് ഉപയോഗിക്കുന്നു. എപ്പോഴും പാപത്തിൽ വിജയം വരിക്കുന്നതോ ഉന്നത ധാർമ്മിക മാനദണ്ഡത്തിൽ അടിസ്ഥാനമിട്ടതോ അല്ലായത്. യോഗ്യതയെന്നത് ഒരു വ്യക്തിക്കു യേശുവിനോടുള്ള ബന്ധത്തെയാണു കാണിക്കുന്നത്. അമ്മയോ അപ്പനോ മക്കളോ അടക്കം എല്ലാവരെക്കാളുമധികം നാം യേശുവിന് ഒന്നാം സ്ഥാനം കൊടുത്തുകൊണ്ടു തിരഞ്ഞെടുപ്പ് നടത്തുന്നതിലാണു യോഗ്യത സ്ഥിതിചെയ്യുന്നത്. ക്രൂശിന്റെ കഷ്ടപ്പാടുകൾ വഹിച്ചുകൊണ്ടു യേശുവിനെ പിൻതുടരുന്നതാണത്.

ചിലപ്പോൾ നാം നമ്മുടെ ഇഷ്ടം കൂടാതെ ക്രൂശ് വഹിപ്പാൻ പ്രേരിപ്പിക്കപ്പെടും. മറ്റുചില അവസരങ്ങളിൽ നാം സ്വമേധയാ അതു വഹിക്കും. ഏതായിരുന്നാലും വിശ്വസ്തതയോടെ ക്രൂശ് വഹിക്കുന്നതിലെ അടിസ്ഥാനം എന്താണ്?

## സ്വാർത്ഥത

ആസ്പെൻ വൃക്ഷത്തെയും അതിന്റെ വ്യാപകവേരുകളെയുംപോലെ നമ്മിലെ അടിസ്ഥാനവ്യാപക വ്യൂഹമെന്നതു "പാപം" തന്നെയാണ്. യേശുവിൽ പൂർണ്ണ സ്വസ്ഥത ദർശിക്കുന്നതിൽനിന്ന് പാപം നമ്മെ അകറ്റിനിർത്തുന്നു. നമ്മിൽ കാണപ്പെടുന്ന നാനാവിധ പാപപ്രകടനങ്ങളിൽവെച്ച് ഏറ്റവും ബലവത്തായതു സ്വാർത്ഥത തന്നെയാണ്. അങ്ങനെയല്ലേ? നമ്മിൽ അധികംപേർക്കും സ്വാർത്ഥതയെന്നതു ശ്വാസോച്ഛ്വാസംപോലെ ജന്മിദ്ധമാണ്.

ലൂക്കൊസ് 12:13–21 വരെ വായിക്കുക. ഈ ഉപമയിൽ എന്തിനെയാണ് എടുത്തു പറഞ്ഞിരിക്കുന്നത്? ഭാവിക്കുവേണ്ടി കരുതുന്നതു സ്വാർത്ഥതയും ദൈവരാജ്യത്തോടുള്ള അവഗണനയുമാണോ? അല്ലായെങ്കിൽ ഇവിടെ നമുക്കു തരുന്ന മുന്നറിയിപ്പ് എന്താണ്?

ഈ ഉപമ ലൂക്കൊസ് എഴുതിയ സുവിശേഷത്തിൽ മാത്രമേയുള്ളൂ. കേൾവിക്കാരിൽനിന്നുണ്ടായതും ആരുടെയും പേരുപറയാത്തതുമായ ഒരു ചോദ്യത്തിന് ഉത്തരവും കൂടെയാണ്. കുടുംബസ്വത്തു പങ്കിടുന്നതിനെപ്പറ്റിയുള്ള ഒരു ചോദ്യമാണ്. സഹോദരങ്ങൾക്കു തമ്മിൽ മദ്ധ്യസ്ഥനാകാൻ ഇഷ്ടമില്ലായെന്നു യേശു പറയുന്നു. അതിനുപകരം അതിന്റെയെല്ലാം അടിസ്ഥാനപരമായ വലിയ പ്രശ്നത്തെ യേശു എടുത്തു പറയുന്നു. അത് സ്വാർത്ഥതയാണ്. അതിനെ ആഴത്തിൽ കുഴിച്ചുകൊണ്ടു നമ്മുടെ വ്യക്തിഗത പ്രവൃത്തികളുടെ അടിസ്ഥാനഘടകമായ വേരിനെ കാണിച്ചു തരുന്നു.

നിങ്ങളുടെ ജീവിതത്തിലെ സ്വാർത്ഥമനോഭാവങ്ങളെക്കുറിച്ചു ചിന്തിക്കുക. നമുക്കു ദൈവത്തോടുള്ള ബന്ധത്തെയും നമ്മുടെ ജീവിതപങ്കാളി, കുടുംബം, സാദാ കുടുംബം, അയൽക്കാർ, സഹപ്രവർത്തകർ എന്നിങ്ങനെയുള്ള സകല ബന്ധങ്ങളെയും ഇത് എപ്രകാരം ബാധിക്കുന്നു? ഫിലി. 2:5–8 വാക്യങ്ങൾ നമുക്കു കാണിച്ചു തരുന്നതെന്താണ്?

ഈ ഉപമയിൽ യേശു സൂചിപ്പിക്കുന്ന ധനികൻ അത്യാഗ്രഹം നിമിത്തം ലോകത്തിലുള്ളതെല്ലാം കണ്ടെങ്കിലും അദൃശ്യമായ സ്വർഗ്ഗീയ യാഥാർത്ഥ്യങ്ങൾ കണ്ടെത്തിയില്ല. സ്വർഗ്ഗരാജ്യത്തിന്റെ അടിസ്ഥാനതത്വങ്ങൾ വിപുലവും നല്ലതും വ്യാപ്തിയേറിയതുമാണ്. നമുക്കു പകരക്കാരനായിത്തീരാൻ യേശു കടന്നുവന്നതിന്റെ പ്രേരണ വ്യക്തമാക്കിക്കൊണ്ടു നമുക്കതിന്റെ ഒരു ദൃശ്യം പൗലൊസ് തരുന്നുണ്ട്.

ഫിലി. 2:5–8 നിസ്വാർത്ഥതയുടെയും വിനയത്തിന്റെയും സ്നേഹത്തിന്റെയും ഒരു രേഖാചിത്രം തരുന്നു. നമ്മുടെ തിരഞ്ഞെടുപ്പുകളെയും മുൻഗണനകളെയും ദൈവത്തോടും മറ്റുള്ളവരോടുമുള്ള സ്നേഹത്തിൽ നടത്താതെ കൂടുതൽ ധാന്യപ്പുരകൾ പണിതു കൂട്ടിവെച്ചു തുടങ്ങിയാൽ സ്വർഗ്ഗത്തിലെ നിക്ഷേപം കുറഞ്ഞുവരും (മത്തായി 6:20).

**ധനത്തോടും വസ്തുവകകളോടും കൂടുതൽ താല്പര്യം കാണിക്കുന്നതിൽ വീണുപോകുവാൻ വളരെ എളുപ്പമായിരിക്കുന്നതെന്തുകൊണ്ട്? ഭൂമിയിൽ വസിക്കുന്നതിന് നമുക്കെല്ലാം അല്പസമ്പത്തു വേണമെങ്കിലും നമുക്കുള്ളതിലധികം വേണമെന്നു തോന്നുന്നത് എന്തുകൊണ്ട്?**

## അത്യാഗ്രഹം

യേശുവിന്റെ ഈ ലോകവാസത്തിൽ ക്രൂശീകരണത്തിനുമുമ്പുള്ള ഒരാഴ്ചയുടെ ശുശ്രൂഷയെപ്പറ്റി പഠിക്കുന്നത് പ്രോത്സാഹജനകവും ദിവ്യജ്ഞാനപ്രദവുമാണ്. അസ്വസ്ഥരായും അത്യാഗ്രഹവുംകൊണ്ടു മനുഷ്യരെ ദോഷകരമായ കാര്യങ്ങൾ പറയിക്കുവാനും ചെയ്യിക്കുവാനും എന്തുമാത്രം സാദ്ധ്യമാണെന്നതിന്റെ ഒരു ചിത്രവും അതു തരുന്നുണ്ട്.

ലൂക്കൊസ് 22:14-30 വായിക്കുക. ആ പെസഹ അത്താഴ സമയം ശിഷ്യന്മാർ തങ്ങളിൽ ആരാണു വലിയവൻ എന്നു വാദിക്കുന്നതു കേട്ടപ്പോൾ യേശുവിനുണ്ടായ മാനസികവികാരം എന്തെന്നു ചിന്തിച്ചുനോക്കുക (ലൂക്കൊസ് 22:24). ഈ പ്രത്യേക സന്ദർഭം മുതൽ ശിഷ്യന്മാർ നേർവഴിവിട്ടു വ്യതിചലിപ്പാനും മാനുഷികമഹിമയിൽ ശ്രദ്ധിപ്പാനും തുടങ്ങിയതെന്തുകൊണ്ട്?

നമ്മുടെ സഭയിലോ കുടുംബത്തിലോ ജോലി സ്ഥലത്തോ ആരാണു വലിയവനെന്നു നാം ഒരിക്കലും ചിന്തിക്കുകയോ ചർച്ചയ്ക്കെടുക്കുകയോ ചെയ്കയില്ല. ഇതിനെപ്പറ്റി ആഴമായി ചിന്തിച്ചുനോക്കുക. ഈ ചർച്ചയ്ക്കു തുടക്കമിട്ടത് ആരാണ്?

ശിഷ്യന്മാരുടെ സംഘത്തിൽ ഇങ്ങനെയൊരു ചോദ്യം ഉയരുന്ന ആദ്യസന്ദർഭവും ഇതല്ല. മത്തായി 18:1 ൽ ഇങ്ങനെയൊരു ചോദ്യം അവർ യേശുവിന്റെ മുമ്പാകെ കൊണ്ടുവരുന്നുണ്ടെങ്കിലും അതിന്റെ അവതരണം വേറൊരു വിധത്തിലാണ്. “സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ എന്നു ചോദിച്ചു.” യേശു ഒരു ചെറിയ കുട്ടിയെ വിളിച്ച് അതിനെ അവരുടെ നടുവിൽ നിർത്തി. കണ്ണുകളെല്ലാം നന്നായി തുറന്നുകഴിഞ്ഞു. എല്ലാവരും മിഴിച്ചിരുന്നു. മത്തായി 18:3 നോക്കുക. “നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയിവരുന്നില്ലായെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു.”

ശിഷ്യരോടുള്ള യേശുവിന്റെ സംഭാഷണം ശ്രദ്ധിക്കുക. ഈ കുഞ്ഞിനെപ്പോലെ എന്നിൽ ആശ്രയം വയ്ക്കുകയും അനുസരിക്കുകയും ചെയ്യുക. നിങ്ങളുടെ അവകാശങ്ങൾ ഒഴിഞ്ഞുകൊണ്ടു സ്വർഗ്ഗരാജ്യമൂല്യങ്ങൾ പിൻപറ്റുന്നതാണ് യഥാർത്ഥ ശ്രേഷ്ഠത.

യേശു അവരോടൊത്തു പെസഹ കഴിക്കുന്നതുവരെയും ശിഷ്യഗണം അതു ഗ്രഹിച്ചറിഞ്ഞിട്ടില്ലായിരുന്നു. നിസ്സാര കാര്യങ്ങളിന്മേലുള്ള അവരുടെ വഴക്കുകൂടലും ആന്തരികമത്സരങ്ങളും ആ വിശുദ്ധ സംസർഗ്ഗ നിമിഷങ്ങളുടെ പാവനത്വത്തെ കളങ്കപ്പെടുത്തി. പിന്നെ ഇതുപോലൊരു സന്ദർഭം അവർക്കുണ്ടായിട്ടുമില്ല.

യേശുവിനോടൊത്തായിരിക്കുന്നതും യേശുവിനോടൊത്തു ശുശ്രൂഷയിൽ പങ്കെടുക്കുന്നതും കർത്താവിന്റെ കാല്ക്കലിരുന്നു കേൾക്കുന്നതും പഠിക്കുന്നതുമെല്ലാം എത്ര മഹത്തരമാണ്! മനുഷ്യഹൃദയം എത്ര നിന്ദ്യമായ ദുഷിച്ച സ്ഥിതിയിലായിരുന്നു? ഇനിയും മറ്റൊന്നുകൂടെ കാണുക. തന്റെ അനുയായികൾ ഇത്ര അധഃപതിച്ച അവസ്ഥയിലായിരുന്നെങ്കിലും ദൈവകൃപ കാരണം യേശു അവരെ കൈവെടിഞ്ഞില്ല.

വീഴ്ച ഭവിച്ച മനുഷ്യരായ നാമെല്ലാം അതിവേഗം വീണുപോകുന്ന സ്വയം പുകഴ്ചയെന്ന അത്യാഗ്രഹം അവസാനിച്ചു കിട്ടുവാൻ ക്രൂശിലേക്കു ശ്രദ്ധിക്കുന്നത് എത്ര നല്ലൊരു പ്രതിരോധമാണ്?

## കപടനാട്യം

ഒരു കപടനാട്യക്കാരൻ വെറുമൊരു അഭിനയക്കാരനാണ്. ആ വ്യക്തി യഥാർത്ഥത്തിൽ അല്ലാത്ത ഒരവസ്ഥയിൽ നടിച്ചുകാണിപ്പാൻ ഇഷ്ടപ്പെടുന്നു. യെഹൂദമതത്തിന്റെ കേന്ദ്രമായ പരീശന്മാരും ശാസ്ത്രികളും ഉൾപ്പെടുന്നവരെ പരസ്യമായി ലജ്ജിപ്പിക്കുന്നതിന് ഏഴുപ്രാവശ്യം ഈ വാക്ക് തന്റെ പ്രസംഗത്തിൽ മത്തായി 23 ൽ യേശു ഉപയോഗിച്ചു കാണുന്നു (മത്തായി 23:13, 14, 15, 23, 25, 27, 29). വ്യഭിചാരികൾ, ചുങ്കക്കാർ, വേശ്യകൾ, കുലപാതകർ എന്നിവർക്കെല്ലാം കൃപയും പാപക്ഷമയും കൊടുക്കുമ്പോൾ കപടനാട്യക്കാർക്കു യാതൊരു കാരണവശാലും ക്ഷമയില്ലായെന്നു യേശു പ്രഖ്യാപിക്കുന്നതായി സുവിശേഷങ്ങൾ വ്യക്തമാക്കുന്നു. മത്തായി 6:2,5,16; 7:5; 15:7–9; 22:18 എന്നീ വാക്യങ്ങൾ കൂടെ കാണുക.

മത്തായി 23:1–13 വായിച്ചിട്ട് യേശു വിവരിക്കുന്ന പ്രകാരം ഒരു കപട നാട്യക്കാരന്റെ പ്രധാനസവിശേഷതകളുടെ പട്ടിക തയ്യാറാക്കുക.

പരീശന്മാരുടെയും ശാസ്ത്രിമാരുടെയും നാലു പ്രധാന സവിശേഷതകൾ യേശു എടുത്തു പറയുന്നുണ്ട്. എ.ഡി. ഒന്നാം നൂറ്റാണ്ടിലെ യെഹൂദാമതത്തിൽ യാഥാസ്ഥിതികരാണ് പരീശന്മാർ. എഴുതപ്പെട്ടതും വായ്മൊഴിയിലുള്ളതുമായ നിയമങ്ങളിലും കർമ്മാചാര ശുദ്ധീകരണത്തിലും അവർ വളരെ തല്പരരായിരുന്നു. അതിന്റെ മറുവശത്തായിരുന്നു സദൂക്യർ. ധനാഢ്യരായ നേതാക്കൾ ഉൾപ്പെട്ടതായിരുന്നു അവരുടെ കൂട്ടക്കാർ. ഉന്നത കൂട്ടത്തിൽപ്പെട്ട പുരോഹിതവിഭാഗം അവരിൽനിന്നായിരുന്നു. അത്യധികമായ യവന സംസ്കാരം ഉൾക്കൊണ്ടവരായിരുന്നു അവർ. അവർ ഗ്രീക്കു ഭാഷ സംസാരിക്കുകയും ഗ്രീക്കു തത്വശാസ്ത്രം മുറുകെപ്പിടിക്കുകയും ചെയ്തിരുന്നു. മരണാനന്തരജീവിതത്തിലും ന്യായവിധിയിലും അവർക്കു വിശ്വാസമുണ്ടായിരുന്നില്ല. അവരെ പുരോഗമനവാദികളെന്നു വിവരിക്കാം. ഈ രണ്ടുകൂട്ടരും കപടനാട്യക്കാരാണ്.

യേശുവിന്റെ വാക്കുകൾ എത്ര മൂർച്ചയേറിയതും കുറിക്കൊള്ളുന്നതുമാണെങ്കിലും അവരെ കപടനാട്യക്കാർ എന്നു വിളിച്ചുവെങ്കിലും അവരോടെല്ലാമുള്ള കർത്താവിന്റെ സകല ഏർപ്പാടുകളും സ്നേഹം നിറഞ്ഞതും കൃപയേറിയതുമായിരുന്നു.

“ദൈവാലയത്തിലേക്കും തന്റെ കേൾവിക്കാരിലേക്കും നീണ്ടുനിന്ന രീതിയിലുള്ള യേശുവിന്റെ നോട്ടം അപ്പോൾ ദൈവപുത്രന്റെ മുഖം സ്വർഗ്ഗീയകനിവ് പ്രകാശിപ്പിക്കുന്ന തരമായിരുന്നു. ആഴമാർന്ന പ്രാണസങ്കടത്തോടും കയ്പേറിയ കണ്ണുനീരോടപം കൂടെ വീർപ്പുമുട്ടിയ വാക്കുകളിലുള്ള യേശുവിന്റെ ആശ്ചര്യവാക്കുകൾ “യെരൂശലേമേ, യെരൂശലേമേ പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചേർത്തുകൊൾവാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു, നിങ്ങൾക്കോ മനസ്സായില്ല” DA, P. 620.

**യേശു ഇവിടെ ശക്തമായി ഭർത്സിക്കുന്നതരമുള്ള കപടനാട്യത്തിൽ ജീവിക്കുന്ന ഒരു മതനേതാവായിരിപ്പാൻ നിങ്ങൾ ഇഷ്ടപ്പെടാത്തതെന്തുകൊണ്ട്? നമ്മിൽ ഇങ്ങനെയുള്ള കപടനാട്യമുണ്ടോയെന്ന് എങ്ങനെ കണ്ടെത്താം? അങ്ങനെ ഉണ്ടെങ്കിൽ എങ്ങനെ അത് ഒഴിവാക്കാം?**

## അസ്വസ്ഥത പറിച്ചെറിയുക

യോഹന്നാൻ 14:1–6 വായിക്കുക. ഹൃദയം കലങ്ങിപ്പോകാതിരിക്കാൻ നമ്മുടെ അസ്വസ്ഥതയുടെ നടുവിൽ നിന്നുകൊണ്ടുതന്നെ നമുക്ക് എന്തു ചെയ്‌വാനാകും? വിഘടിപ്പ്, സ്വാർത്ഥത, അത്യാഗ്രഹം, കപടനാട്യം എന്നിവ ഒഴിവാക്കി യേശുവിൽ യഥാർത്ഥ സ്വസ്ഥത കണ്ടെത്തുന്നതിനുള്ള താക്കോൽ എന്താണ്?

അസ്വസ്ഥയുടെ മേൽ വിജയം കണ്ടെത്തേണ്ടതു യേശുവിൽ കൂടെമാത്രം. കർത്താവു മാത്രമാണു വഴി, സത്യം, ജീവൻ. മാദ്ധ്യമങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്ന ഈ മരുഭൂമിയിൽ നാം ലക്ഷ്യമില്ലാതെ അലയുമ്പോൾ നാം സഞ്ചരിക്കേണ്ടതായ ശരിയായ വഴി യേശുവിനറിയാം. ദൈവിക നിയമദാതാവായ കർത്താവാണ് സത്യത്തിന്റെ മൂർത്തീഭാവം. തന്റെ ആത്മാവ് നമ്മെ എല്ലാ സത്യത്തിലും വഴിനടത്തും യോഹ. 16:13). നാം മുറിവേല്ക്കുകയോ ക്ഷീണിതരാകയോ തളർന്നുപോകയോ രോഗികളാകയോ നിരാശയിൽ വീഴുകയോ എന്തുതന്നെ ആയാലും കർത്താവുതന്നെയാണു നമുക്കുള്ള യഥാർത്ഥജീവൻ. നമുക്കു സമൃദ്ധമായ ജീവൻ കർത്താവ് വാഗ്ദത്തം ചെയ്തിരിക്കുന്നു (യോഹ. 10:10). നമ്മുടെ നിത്യഭവനവും നിത്യജീവനും അതതിൽ അടങ്ങിയിട്ടുണ്ട്. ഇവിടെ ഇപ്പോൾത്തന്നെയുള്ള ഗുണനിലവാരജീവനും അതിലുണ്ട്. ഇപ്പോൾത്തന്നെയുള്ള അളവറ്റതും അതിസമൃദ്ധിയേറിയതുമായ ജീവൻ നല്കുവാൻ സൃഷ്ടിതാവിനു സാദ്ധ്യമാണ്.

"നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്" എന്നതു പ്രതീക്ഷയിൽ ജീവിക്കുന്നതിനുള്ള ഒരു ക്ഷണമാണ്. നാം താഴ്ന്നതലത്തിൽ ചിന്തിക്കുമ്പോൾ കർത്താവു നമ്മെ ഉന്നതനിലവാരത്തിലെത്തിക്കുവാൻ ഒരുക്കമാണ്. അന്ധകാരത്തോടും പാപത്തോടും നാം പൊരുതുമ്പോൾ നമ്മിൽ നല്ല പ്രവൃത്തികൾ ആരംഭിച്ചവൻ അതു നമ്മിൽത്തന്നെ പൂർത്തീകരിക്കുവാനും ഒരുങ്ങിയിരിക്കുന്നു (ഫിലി. 1:4).

ഇവിടെ കാര്യങ്ങൾ എത്ര മോശമായി കാണപ്പെട്ടിരുന്നാലും (ഇനി ഇതിലും മോശമാകയേ ഉള്ളൂ) യേശുവിൽക്കൂടെ നല്കപ്പെട്ടിരിക്കുന്ന വാഗ്ദത്തങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക. ആ ദൈവം നമുക്കായി ഒരു സ്ഥലം ഒരുക്കിയിരിക്കുന്നു. വേദനയും അസ്വസ്ഥതയും കഷ്ടപ്പാടുകളും എന്നെന്നേക്കുമായി പുറന്തള്ളപ്പെട്ടിരിക്കുന്ന ഒരു പ്രദേശം. നാം ആരുതന്നെ ആണെങ്കിലും നമ്മുടെ പശ്ചാത്തലം എന്തുതന്നെ ആണെങ്കിലും നമ്മുടെ കഴിഞ്ഞ കാലജീവിതവും ഇപ്പോഴത്തേതും എന്തുമാത്രം അറപ്പുളവാക്കുന്നതാണെങ്കിലും നമുക്കെല്ലാവർക്കുമായി യേശുക്രിസ്തുവിൽക്കൂടെ നല്കപ്പെട്ടിരിക്കുന്ന പ്രത്യാശ അതുതന്നെയാണ്.

യിരെ. 3:22 വായിക്കുക. എന്തു ചെയ്‌വാൻ നമ്മോട് ആവശ്യപ്പെടുന്നു? അതു ചെയ്താൽ എന്താണ് പ്രതിഫലം?

യേശുവിന്റെ വാക്കുകൾ ധ്യാനിക്കുക. '...ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിനു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും" (യോഹ. 14:3). വീണ്ടുംവരവിന്റെ വാഗ്ദത്തം എത്ര സുപ്രധാനമെന്ന് ഈ വാക്യം എന്തുപറയുന്നു? മരണത്തെക്കുറിച്ചുള്ള നമ്മുടെ അറിവിൽ അഡ്വന്റിസ്റ്റുകാരായ നമുക്കു വീണ്ടുംവരവിന്റെ വാഗ്ദത്തം എന്തുമാത്രം വിലപ്പെട്ടതാണ്?

## കൂടുതൽ ആശയങ്ങൾ:

“സ്വയത്തിൽ കേന്ദ്രീകൃതമായ ഒരു ജീവിതം വളർച്ചയോ ഫലപ്രാപ്തിയോ ഉണ്ടാക്കുന്നില്ല. നിങ്ങളുടെ മൂന്നു വ്യക്തിപര രക്ഷകനായി ക്രിസ്തു സ്വീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ നിങ്ങളെ മുഴുവനായി മറന്നുകൊണ്ട് മറ്റുള്ളവരെ സഹായിക്കുക. ക്രിസ്തുവിന്റെ സ്നേഹത്തെയും നന്മയെയും കുറിച്ചു സംസാരിക്കുക. ചെയ്യേണ്ടതായ സകല ഉത്തരവാദിത്വവും ചെയ്തുതീർക്കുക. ആത്മാക്കളുടെ ഭാരം ഹൃദയത്തിൽ വഹിക്കുക. ലഭ്യമാവുന്ന സകലമാർഗ്ഗവും ഉപയോഗിച്ചു നഷ്ടപ്പെട്ടുപോകുന്നവരെ രക്ഷയിങ്കലേക്കു നടത്തുക. ക്രിസ്തുവിന്റെ ആത്മാവ് നിങ്ങൾക്കു ലഭ്യമാവുമ്പോൾ നിസ്വാർത്ഥ സ്നേഹത്തിന്റെയും മറ്റുള്ളവർക്കുവേണ്ടിയുള്ള അദ്ധ്വാനത്തിന്റെയും ആത്മാവ് നിങ്ങൾ വളർന്നു ഫലം പുറപ്പെടുവിക്കും. നിങ്ങളുടെ സ്വഭാവത്തിൽ ആത്മാവിന്റെ കൃപാദാനങ്ങൾ വളർന്നു പുഷ്ടിപ്പെടും. നിങ്ങൾക്കു വിശ്വാസം വർദ്ധിക്കും. സംശയങ്ങൾ അലിഞ്ഞുമാറും. സ്നേഹം അതിന്റെ പൂർണ്ണതയിലെത്തും. പരിശുദ്ധവും ശ്രേഷ്ഠവും മാന്യവും ആയവയിലെല്ലാം ക്രിസ്തുതുല്യമായ പ്രതിഫലനം നിങ്ങളിൽ സംജാതമാവും COL, PP, 67,68.

സഭാംഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ, “സംഭാഷണം ദീർഘിക്കുകയും ഇരുവിഭാഗക്കാരുടെയും സമയം പാഴാകയും കർത്തൃശുശ്രൂഷകർ സകലവും ശ്രദ്ധിക്കുവാൻ നിർബന്ധിതരാകയും ചെയ്യുന്നു. ഇരുവിഭാഗത്തിന്റെയും ഹൃദയങ്ങൾ ദൈവകൃപയ്ക്കു കീഴടങ്ങാതിരിക്കുന്നു. അഹങ്കാരവും സ്വാർത്ഥതയും നീക്കപ്പെട്ടിരുന്നെങ്കിൽ മിക്കവാറും പ്രശ്നങ്ങളെല്ലാം അഞ്ചുമിനിറ്റുകൊണ്ടു തീർന്നുകിട്ടുമായിരുന്നു” EW, P. 119.

## ചർച്ചാചോദ്യങ്ങൾ

1. **സ്വാർത്ഥതയുടെമേൽ വിജയിക്കാനുള്ള പ്രായോഗികവഴികൾ ചിന്താവിഷയമാക്കുക. ഈ ആശയങ്ങൾ ഓരോരുത്തർക്കും എപ്രകാരം യാഥാർത്ഥ്യമാക്കാം?**
2. **അത്യാഗ്രഹങ്ങൾ ജന്മനാ തെറ്റല്ല. എന്നാലും അത്യാഗ്രഹമെന്ന കുരുക്കിൽ വീണുപോകാതെ ദൈവത്തിൽനിന്നുള്ളവൻ കാര്യങ്ങൾ എങ്ങനെ സങ്കല്പിക്കാനും അവയ്ക്കായി പ്രതീക്ഷിച്ചിരിക്കാനും സാധിക്കും?**
3. **നമ്മിൽ അധികംപേരും പുറമെ അത്യാഗ്രഹവും കപടനാട്യവും സ്വാർത്ഥതയും അസൂയയും കാണുന്നില്ലായിരിക്കാം. വലിയ വേരുവ്യൂഹമുള്ള ആസ്പെൻ മരംപോലെ അന്തർഭാഗത്ത് വിരുദ്ധ വികാരവിശേഷതകൾ തലംകെട്ടി കിടക്കയുമാണ്. ഇതിൽ ആത്മികസ്വഭാവ വ്യതിയാനം എപ്രകാരം പ്രാവർത്തികമാകും? അസ്വസ്ഥതയുടെ വേരുകളെ എങ്ങനെ ഭേദിച്ചുകൊണ്ടു യേശുവിൽ യഥാർത്ഥ സ്വസ്ഥത പ്രാപിക്കാം?**
4. **വീണ്ടും വരവിന്റെ പ്രാധാന്യതയെ സംബന്ധിച്ചു വ്യാഴാഴ്ചയിലെ പാഠഭാഗത്തിൽ കൊടുത്തിട്ടുള്ള അവസാന ചോദ്യം ചിന്തിക്കുക. അതുകൂടാതെ നമുക്ക് എന്തു പ്രത്യാശയാണുള്ള്? മരിച്ചവർ ഉയിർക്കുന്നതു വീണ്ടും വരവിൽ മാത്രമാണെന്നുള്ളതു മനസ്സിലാക്കുമ്പോൾ അതില്ലായെങ്കിൽ ക്രിസ്തു ആദ്യം വന്നതിൽ നന്മയൊന്നുമില്ലല്ലോ?**